No:. EX/CGL(1)/39200/2019/CGE

**പരീക്ഷാകമ്മീഷണറുടെ കാര്യായം,**
**പരീക്ഷാഭവൻ, പൂജപ്പുര,**
**തിരുവനന്തപുരം**
**തീയതി: 19 /05/2020**

സർക്കുലർ

**വിഷയം: എസ്.എസ്.എൽ.സി/ ഹയർസെക്കണ്ടറി/ വോക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാകേന്ദ്രമാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലുള്ള ലോക്ക്ഡൗൺ കാരണം നിലവിലെ പരീക്ഷാകേന്ദ്രങ്ങളിൽ തുടർന്നുള്ള പരീക്ഷകൾ എഴുതുവാൻ സാധിക്കാത്ത മോഡൽ റസിഡൻഷ്യൽ സ്കൂൾ ഹോസ്റ്റൽ, പ്രീ മെട്രിക് /പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, സ്പോർട്സ് ഹോസ്റ്റൽ, സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഷെൽട്ടർ ഹോമുകൾ എന്നിവിടങ്ങളിലെ താമസക്കാരായ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സംവിധാനം ലഭ്യമാകാത്ത സാഹചര്യത്തിൽ സൗകര്യപ്രദമായ കേന്ദ്രങ്ങൾ ലഭ്യമാക്കുന്നതിനും ഗൾഫിലും ലക്ഷദ്വീപിലും അടിയന്തിര ഘട്ടങ്ങളിൽ മറ്റ് ജില്ലകളിലുംപെട്ടുപോയിട്ടുള്ള വിദ്യാർത്ഥികൾക്ക് തുടർന്നുള്ള പരീക്ഷകൾക്ക് സൗകര്യപ്രദമായ സ്കൂളുകൾ പരീക്ഷാകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ലകൾക്കകത്തുള്ള പരീക്ഷാകേന്ദ്രമാറ്റം അനുവദനീയമല്ല. ഹയർസെക്കണ്ടറി / വോക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സബ്ജക്ട് കോമ്പിനേഷൻ നിലവിലുള്ള സ്കൂളുകൾ മാത്രമേ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ. ഓൺലൈൻ അപേക്ഷകൾ 2020 മെയ് 19 മുതൽ 21 ന് വൈകിട്ട് 5 മണിവരെ സമർപ്പിക്കാവുന്നതാണ്. 2020 മെയ് 21 ന് വൈകിട്ട് 5 മണിവരെ ലഭിക്കുന്ന അപേക്ഷകളുടെ സാധുതയും പരീക്ഷയ്ക്ക് ആവശ്യമായ സൗകര്യങ്ങളും കേന്ദ്രീകൃതമായി ഉറപ്പാക്കി അർഹരായ വിദ്യാർത്ഥികൾക്ക് പുതിയ പരീക്ഷാകേന്ദ്രം അനുവദിച്ച് കൊണ്ടുള്ള ലിസ്റ്റ് 2020 മെയ് 23 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷിക്കുന്ന പരീക്ഷാകേന്ദ്രം അനുവദിക്കാൻ സാധിക്കാത്ത പക്ഷം

ജില്ലയിലെ സൗകര്യപ്രദമായ മറ്റൊരു കേന്ദ്രം അനുവദിക്കുന്നതാണ്. എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ പരീക്ഷാ കേന്ദ്രമാറ്റങ്ങൾക്ക് .യഥാക്രമം https://sslcexam.kerala.gov.in, www.hscap.kerala.gov.in, www.vhscap.kerala.gov.in എന്നീ വെബ്സൈറ്റുകളിലെ “Application for Centre Change” എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. എസ്.എസ്.എൽ.സി വിദ്യാർത്ഥികൾ അവർ പഠിക്കുന്ന മീഡിയം ഉള്ള പരീക്ഷാകേന്ദ്രമാണ് തെരഞ്ഞെടുക്കേണ്ടത്. ഹയർസെക്കണ്ടറി സ്കൂളുകളിൽ ലഭ്യമായ കോഴ്സ് വിവരങ്ങൾ www.hscap.kerala.gov.in, വെബ്സൈറ്റിലെ “School List” എന്ന മെനുവിൽ നിന്നും ലഭ്യമാകുന്നതാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലഭ്യമായ കോഴ്സ് വിവരങ്ങൾ മാതൃസ്കൂൾ പ്രിൻസിപ്പാളിനെ ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതാണ്. ഹയർ സെക്കണ്ടറി / വോക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ നിന്നും അപേക്ഷിക്കുന്നവർ ജില്ലയിൽ തങ്ങൾ പഠിക്കുന്ന കോഴ്സുകൾ ലഭ്യമായ പരീക്ഷാകേന്ദ്രം കണ്ടെത്തി വേണം ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടത്. സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾ അതേ വിഭാഗത്തിലുള്ള സ്പെഷ്യൽ സ്കൂളുകൾ മാത്രമേ തെരഞ്ഞെടുക്കാവൂ. IHRD, THSLC വിദ്യാർത്ഥികളും ജില്ലയിലെ പ്രസ്തുത വിഭാഗം സ്കൂളുകൾ മാത്രമേ പരീക്ഷാകേന്ദ്രമാറ്റത്തിനായി തെരഞ്ഞെടുക്കാവൂ. AHSLC, Arts HSS വിദ്യാർത്ഥികൾക്ക് പരീക്ഷാ കേന്ദ്രമാറ്റം അനുവദനീയമല്ല.

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

Help desk :

| | | |
|---|---|---|
| HSE : System Manager | - | 9447799278 |
| VHSE : Technical officer | - | 9447236606 |
| VHSE Exam wing | - | 0471 2324015 |
| SSLC : IT Cell | - | 0471 2546832, 2546833 |

Email Id : iexamhelpdesk@gmail.com